**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1845** **13-02-2025 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങളും സഹായങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | **ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി നൽകിവരുന്ന വിവിധ സ്കോളർഷിപ്പ് പദ്ധതികൾചുവടെ ചേർക്കുന്നു.**<br><br>1. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്<br>2. സിവിൽ സർവ്വീസ് ഫീ-റീ ഇംമ്പേഴ്സ്മെൻറ് സ്കീം<br>3. വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്<br>4. സർക്കാർ അംഗീകൃത പ്രൈവറ്റ് ഐ.റ്റി.ഐ കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ITC- ഫീ റീ- ഇംമ്പേഴ്സ്മെൻറ് സ്കീം<br>5. സി.എ/സി.എം.എ/ സി.എസ് സ്കോളർഷിപ്പ്<br>6. ഐഐടി/ഐഐഎം/ ഐഐഎസ്സി,ഐഎംഎസ്സി എന്നീ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്<br>7. എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ്<br>8. മദർ തെരേസ സ്കോളർഷിപ്പ്<br>9. മാർഗ്ഗദീപം സ്കോളർഷിപ്പ് പദ്ധതി<br>10. സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്<br>11. ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് അവാർഡ്<br><br>**തൊഴിൽ നൈപുണി പരിശീലന പദ്ധതികൾ**<br><br>1. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അസാപ്, **KITTS, KASE, ODEPEC** മുഖേന നൈപുണ്യ പരിശീലന പരിപാടി<br>2. യു.ജി.സി/സി.എസ്.ഐ.ആർ/നെറ്റ് കോച്ചിംഗ്<br>3. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾ (പത്താംതരവും, പ്ലസ് ടുവും) ക്കുവേണ്ടിയുള്ള കരിയർ ഗൈഡൻസ് പരിശീലന പരിപാടി |

| | | | |
|---|---|---|---|
| | | | 4. ന്യൂനപക്ഷ യുവജനതയ്ക്കായുള്ള സൗജന്യ പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും |
| (ബി) | ഇതിനായുള്ള ഫണ്ടിൽ സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും വിഹിതം എത്ര വീതമാണെന്ന് വിശദമാക്കാമോ; | (ബി) | കേന്ദ്ര വിഹിതമില്ല . 100 ശതമാനവും സംസ്ഥാന സർക്കാർ വിഹിതമാണ്.ആനുകൂല്യങ്ങളും സഹായങ്ങളും നിലവിൽ മുടങ്ങിയിട്ടില്ല. |
| (സി) | ഈ ആനുകൂല്യങ്ങളും സഹായങ്ങളും നിലവിൽ മുടങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ; | (സി) | കേന്ദ്ര വിഹിതമില്ല . 100 ശതമാനവും സംസ്ഥാന സർക്കാർ വിഹിതമാണ്.ആനുകൂല്യങ്ങളും സഹായങ്ങളും നിലവിൽ മുടങ്ങിയിട്ടില്ല. |
| (ഡി) | ഫണ്ട് അനുവദിക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നും കാലതാമസം ഉണ്ടാകാറുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | കേന്ദ്ര വിഹിതമില്ല . 100 ശതമാനവും സംസ്ഥാന സർക്കാർ വിഹിതമാണ്.ആനുകൂല്യങ്ങളും സഹായങ്ങളും നിലവിൽ മുടങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ